**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1212** **12-06-2024 - ൽ മറുപടിയ്ക്ക്**

**അബ്ദുറഹ്മാൻ സാഹിബ് സാംസ്കാരിക സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദുറഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയാണ്; പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കിഫ്ബി ധനസഹായത്തോടെ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം അനുസരിച്ച് മലപ്പുറം ജില്ലയിൽ അബ്ദുറഹിമാൻ സാഹിബ് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന്റെ പ്രൊജക്റ്റ് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. 5 ഏക്കർ ഭൂമിയുടെ സമുച്ചയം നിർമ്മിക്കുന്നതിനുള്ള DPR ആണ് തയ്യാറാക്കിയിരുന്നത്. എന്നാൽ 4.5 ഏക്കർ ഭൂമിയാണ് കൈമാറി കിട്ടിയിട്ടുള്ളത്. ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിലെ നിർദ്ദിഷ്ട ഭൂമിയിൽ മണ്ണിടിച്ചിലിന് സാധ്യത നിലനിൽക്കുന്നതിനാൽ പകരം അനുയോജ്യമായ ഭൂമി കണ്ടെത്തി അറിയിക്കുവാൻ കളക്ടർക്ക് നിർദേശം നൽകിയിരുന്നു. തുടർന്ന് സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 08.05.2024 തീയതിയിൽ കൂടിയ യോഗത്തിൽ മലപ്പുറം സമുച്ചയത്തിനായി തിരൂരിൽ നിർദ്ദേശിക്കപ്പെട്ട 3.2 acre മിച്ച ഭൂമിയുടെ അനുയോജ്യത പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സാംസ്കാരിക സമുച്ചയത്തിന് അര ഏക്കർ ഭൂമി കൂടി കൈമാറുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ നാലര ഏക്കറിൽ തന്നെ പദ്ധതി ആരംഭിക്കുവാൻ നിർദേശം നൽകുമോ; | (ബി) | 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കിഫ്ബി ധനസഹായത്തോടെ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം അനുസരിച്ച് മലപ്പുറം ജില്ലയിൽ അബ്ദുറഹിമാൻ സാഹിബ് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന്റെ പ്രൊജക്റ്റ് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. 5 ഏക്കർ ഭൂമിയുടെ സമുച്ചയം നിർമ്മിക്കുന്നതിനുള്ള DPR ആണ് തയ്യാറാക്കിയിരുന്നത്. എന്നാൽ 4.5 ഏക്കർ ഭൂമിയാണ് കൈമാറി കിട്ടിയിട്ടുള്ളത്. ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിലെ നിർദ്ദിഷ്ട ഭൂമിയിൽ |

| | | | |
|---|---|---|---|
| | | | മണ്ണിടിച്ചിലിന് സാധ്യത നിലനിൽക്കുന്നതിനാൽ പകരം അനുയോജ്യമായ ഭൂമി കണ്ടെത്തി അറിയിക്കുവാൻ കളക്ടർക്ക് നിർദേശം നൽകിയിരുന്നു. തുടർന്ന് സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 08.05.2024 തീയതിയിൽ കൂടിയ യോഗത്തിൽ മലപ്പുറം സമുച്ചയത്തിനായി തിരൂരിൽ നിർദ്ദേശിക്കപ്പെട്ട 3.2 acre മിച്ച ഭൂമിയുടെ അനുയോജ്യത പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മണ്ഡലത്തിൽ മോയിൻകുട്ടി വൈദ്യർ സ്മാരക സ്കൂൾ ഓഫ് മാപ്പിള ആർട്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ? | (സി) | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ മാപ്പിള കലകളിൽ പഠന കോഴ്സുകൾ നടത്തുന്നതിനുള്ള സ്കൂൾ ഓഫ് മാപ്പിള ആർട്സ് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. മാപ്പിള കലാ അക്കാദമി കൊണ്ടോട്ടി, അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രം, എന്നിവയ്ക്ക് പുറമേ മാപ്പിളകലാ അക്കാദമിയിൽ അഫിലിയേറ്റ് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലും സ്കൂൾ ഓഫ് മാപ്പിള ആർട്സിന്റെ കേന്ദ്രങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. മഞ്ചേരി, മലപ്പുറം, വണ്ടൂർ, ബേപ്പൂർ, കൊളത്തറ എന്നിവിടങ്ങളിലാണ് നിലവിൽ അഫിലിയേറ്റഡ് കേന്ദ്രങ്ങൾ ഉള്ളത്. ആഗസ്റ്റ് ഒന്നു മുതൽ ഈ കേന്ദ്രങ്ങളിൽ പുതിയ ബാച്ചുകൾ ആരംഭിക്കും. |

സെക്ഷൻ ഓഫീസർ